കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - അട്ടപ്പാടി ബ്ലോക്കിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് ഭവനങ്ങളുടെ പൂർത്തീകരണത്തിന് ബാക്കി തുക അനുവദിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.1292/2018/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 08.05.2018.

വായന:- 1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17/03/2018 ലെ കുറിപ്പ്

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 21/03/2018 ലെ 4.68-ാംനമ്പർ തീരുമാനം

ഉത്തരവ്

അട്ടപ്പാടി മേഖലയിൽ 232 ഭവനങ്ങളുടെ നിർമാണം പൂർത്തീകരിക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന തോതിൽ തുക അനുവദിക്കണമെന്ന് വായന (1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെട്ടിരുന്നു.

| ക്രമ നമ്പർ | ഘട്ടം | നല്കാവുന്ന തുക |
|---|---|---|
| 1 | ബെയ്സ്മെന്റ് പൂർത്തിയായവർ | 3,60,000/-രൂപ |
| 2 | ചുമരുകൾ ജനൽനിരപ്പ് വരെ പൂർത്തിയാക്കിയവർ | 2,20,000/-രൂപ |
| 3 | ചുമരുകൾ മേൽക്കൂര നിരപ്പുവരെ പൂർത്തിയായവർ | 1,80,000/-രൂപ |
| 4 | മേൽക്കൂര പൂർത്തിയായവർ | 80,000/-രൂപ |

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടി മേഖലയിലെ പിന്നോക്കാവസ്ഥയുടെ ഗുരുതരസ്വഭാവം കണക്കിലെടുത്ത് ഭവന നിർമാണത്തിന് ഇതിനു മുമ്പ് നൽകിയ തുക എത്രയാണോ അത് കുറച്ചിട്ട് 4 ലക്ഷം രൂപയുടെ ബാക്കി തുക അട്ടപ്പാടി ബ്ലോക്കിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്കുമാത്രം നല്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി, അട്ടപ്പാടി
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ